**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 956** **09-10-2024 - ൽ മറുപടിയ്ക്ക്**

**അങ്കമാലി മണ്ഡലത്തിലെ വന്യജീവികളുടെ ആക്രമണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യജീവികളുടെ ആക്രമണം തടയുന്നതിന് വനം വകുപ്പ് ശാസ്ത്രീയമായി പുതിയ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാകുമോ; | (എ) | വന്യജീവികളുടെ ആക്രമണം തടയുന്നതിന് വനം വകുപ്പ് ശാസ്ത്രീയമായി പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട് . വന്യജീവി ആക്രമണം തടയുന്നതിനായി വിവര സാങ്കേതിക വിദ്യയുടെ സഹായത്താൽ SMS അലേർട്ട് നൽകിയും, AI ക്യാമറയുടെ സഹായത്താൽ മോണിട്ടറിംഗ് സൈൻ ബോർഡ് സ്ഥാപിച്ചും വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി ഏർളി വാണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്. ജി.പി.എസ് ഉപകരണങ്ങൾ വയർലെസ്സ് കമ്യൂണിക്കേഷൻ ഉപകരണങ്ങൾ, ഡ്രോൺ ക്യാമറകൾ, ക്യാമറ ട്രാപ്പ് തുടങ്ങിയ ഉപകരണങ്ങൾ ഉപയോഗിച്ച് വന്യജീവികളുടെ സഞ്ചാരപാത നിരീക്ഷിച്ച് വന്യജീവി ആക്രമണ സാധ്യതകൾ മുൻകൂട്ടി മനസ്സിലാക്കി മനുഷ്യ വന്യമൃഗ സംഘർഷം കുറയ്ക്കുന്നതിനുള്ള ശാസ്ത്രീയമായ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>വന്യമൃഗങ്ങളുടെ സാന്നിദ്ധ്യമുള്ള ജനവാസ മേഖലയോട് ചേർന്ന് സൗരോർജ്ജ വേലി, ട്രഞ്ച്, ജൈവ വേലികൾ എന്നിവ നിർമ്മിച്ചിട്ടുണ്ട്. വനസംരക്ഷണ സമിതികളിലൂടെയും ജനജാഗ്രത സമിതികളിലൂടെയും കൃത്യമായ ബോധവത്ക്കരണം പൊതുജനങ്ങൾക്ക് നൽകുകയും മനുഷ്യ-വന്യജീവി സംഘർഷം കൂടുതലുള്ള മേഖലകളിൽ വാച്ചർമാരെ നിയോഗിക്കുകയും, നിരീക്ഷണം ശക്തമാക്കുകയും കാടിറങ്ങുന്ന വന്യമൃഗങ്ങളെ ഫലപ്രദവും ശാസ്ത്രീയവുമായ രീതിയിൽ തിരികെ വനത്തിലേക്ക് സുരക്ഷിതമായി മടക്കി അയയ്ക്കുകയും ചെയ്തുവരുന്നുണ്ട്. |
| (ബി) | അങ്കമാലി മണ്ഡലത്തിൽ വനമേഖലയോട് ചേർന്ന് കിടക്കുന്ന അയ്യമ്പുഴ, മലയാറ്റൂർ-നീലീശ്വരം, മൂക്കന്നൂർ, കറുകുറ്റി ഗ്രാമപഞ്ചായത്തുകളിൽ വന്യമൃഗശല്യവും വന്യമൃഗങ്ങൾ ഇറങ്ങി കൃഷി നശിപ്പിക്കുന്നതും | (ബി) | അങ്കമാലി നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട മലയാറ്റൂർ ഡിവിഷനിലെ കാലടി റെയ്ഞ്ചിൽപ്പെട്ട മലയാറ്റൂർ -നീലീശ്വരം, അയ്യമ്പുഴ പഞ്ചായത്തുകളുടെ വനമേഖലയോട് ചേർന്ന പ്രദേശങ്ങളിൽ വന്യജീവി |

| | | | |
|---|---|---|---|
| | തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | | ശല്യം കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. മനുഷ്യ- വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി സൗരോർജ്ജവേലികളുടെ നിർമ്മാണം, നിലവിലുള്ള സൗരോർജ്ജ വേലികൾ കൂടുതൽ ഫലപ്രദമായ തൂക്കുസൗരോർജ്ജവേലികളാക്കി നവീകരിക്കൽ, താത്കാലിക വാച്ചർമാരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രതിരോധ പ്രവർത്തനങ്ങൾ വനമേഖലയിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം, താത്കാലിക ചെക്ക് ഡാമുകളുടെ നിർമ്മാണം, തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ ടി പഞ്ചായത്തുകളിൽ ജനജാഗ്രതാസമിതികൾ രൂപീകരിച്ചിട്ടുണ്ട്. കർഷകർ, ജനപ്രതിനിധികൾ എന്നിവരുമായി ആശയവിനിമയം നടത്തി വന്യമൃഗശല്യത്തിന് പരിഹാരം കാണുന്നതിനായി ജനജാഗ്രതാ സമിതികൾ വിളിച്ചുചേർത്ത്, ടി യോഗങ്ങളിലെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി തുടർനടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. മലയാറ്റൂർ ഡിവിഷനിൽ നടപ്പിലാക്കിയ പ്രതിരോധ പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>(അനുബന്ധം 1 )<br><br>കൂടാതെ, അങ്കമാലി നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട വാഴച്ചാൽ ഡിവിഷനു കീഴിൽ വരുന്ന പ്രദേശങ്ങളിലും മേൽ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. വാഴച്ചാൽ ഡിവിഷനു കീഴിൽ ഒരു താൽകാലിക റാപ്പിഡ് റെസ്പോൺസ് ടീം രൂപീകരിച്ചിട്ടുള്ളതും, ഇവർ എല്ലാ ദിവസവും ജനവാസ മേഖലയിൽ പട്രോളിംഗ് നടത്തി വരുകയും ചെയ്യുന്നുണ്ട് .<br><br>അതിരപ്പിള്ളി –വാഴച്ചാൽ മേഖലയിൽ പറമ്പിക്കുളം ഫൗണ്ടേഷനുമായി ചേർന്ന് ശാസ്ത്രീയ പഠനം നടത്തി ആയതിൻ പ്രകാരം നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി 60 കി.മീറ്റർ ദൂരത്തിൽ സോളാർ ഹാങ്ങിംഗ് ഫെൻസ് നിർമ്മിക്കുന്നതിന് പ്രപ്പോസലിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. ജനവാസ മേഖലയിൽ മനുഷ്യ വന്യമൃഗ സംഘർഷം ഒഴിവാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുന്നതിന് എമർജൻസി ഓപ്പറേഷൻ സെന്ററിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തിയിട്ടുമുണ്ട്. |
| (സി) | അങ്കമാലി മണ്ഡലത്തിൽ വന്യമൃഗ ആക്രമണത്തിന് ഇരയായവർക്കും, കൃഷിനാശം സംഭവിച്ചവർക്കും നഷ്ടപരിഹാരം നൽകുന്നതിന് നിലവിൽ കുടിശ്ശിക ഉണ്ടോയെന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ എത്രപേർക്ക് ഏതെല്ലാം ഇനത്തിൽ നഷ്ടപരിഹാരം | (സി) | അങ്കമാലി നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട മലയാറ്റൂർ ഡിവിഷനിലെ കാലടി റെയ്ഞ്ചിൽപ്പെട്ട മലയാറ്റൂർ-നീലീശ്വരം, അയ്യമ്പുഴ പഞ്ചായത്തുകളുടെ വനമേഖലയോട് ചേർന്ന പ്രദേശങ്ങളിൽ വന്യമൃഗ ആക്രമണത്തിന് ഇരയായവർക്കും, കൃഷിനാശം |

| | | | |
|---|---|---|---|
| | നൽകാനുണ്ടെന്നും, എത്ര തുക വീതമാണെന്നും അറിയിക്കാമോ; ഈ കുടിശ്ശിക എപ്പോൾ വിതരണം ചെയ്യാനാകുമെന്ന് വ്യക്തമാക്കാമോ? | | സംഭവിച്ചവർക്കും നഷ്ടപരിഹാരം അനുവദിക്കുവാനും ഉള്ളതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.<br><br>അങ്കമാലി നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട വാഴച്ചാൽ ഡിവിഷനു കീഴിൽ വരുന്ന വനമേഖലയോട് ചേർന്ന പ്രദേശങ്ങളിൽ വന്യമൃഗ ആക്രമണത്തിന് ഇരയായവർക്കും, കൃഷിനാശം സംഭവിച്ചവർക്കും നഷ്ടപരിഹാരം അനുവദിക്കുവാൻ ഉള്ളതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ അനുബന്ധം 3 ആയി ചേർക്കുന്നു.<br><br>ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് നഷ്ടപരിഹാര കുടിശ്ശിക നൽകി വരുന്നുണ്ട് |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

| **വർഷം** | **നടപ്പിലാക്കിയ പ്രതിരോധ പ്രവർത്തനങ്ങൾ** | **എത്രദൂരം (കി.മീ)** | **വിനിയോഗിച്ച തുക ( ലക്ഷത്തിൽ)** |
|---|---|---|---|
| 2021-22 | സൗരോർജ്ജ വേലി നിർമ്മാണം | 3.00 | 3.27 |
| 2022-23 | | 10.50 | 17.51 |
| 2023-24 | | 2.15 | 4.98 |
| 2023-24 | | 1.70 | 4.98 |

RKVY പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ

| **വർഷം** | **നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രതിരോധ പ്രവർത്തനങ്ങൾ** | **ദൂരം /എണ്ണം** | **അടങ്കൽ തുക ( ലക്ഷത്തിൽ)** |
|---|---|---|---|
| 2024-25 | തൂക്കുസൗരോർജ്ജ വേലി | 4.5 കി.മീ. | 35.54 |
| 2024-25 | കാട്ടാനകളെ പ്രതിരോധിക്കുന്നതിനുള്ള കിടങ്ങ് | 1 എണ്ണം | 12.60 |

അനുബന്ധം –2

| **ക്രമ നമ്പർ** | **ഇനം** | **കുടിശ്ശികയായിട്ടുള്ള കേസുകൾ** | **തുക (രൂപ)** |
|---|---|---|---|
| 1. | വന്യജീവി ആക്രമണം മൂലം മരണം സംഭവിച്ചത് | 1 | 200000 |
| 2. | വന്യജീവി ആക്രമണം മൂലം പരിക്ക് പറ്റിയത് | 13 | 455000 |
| 3. | കൃഷിനാശം | 66 | 495000 |
| 4. | വസ്തുവകകൾ നശിപ്പിച്ചത് | 45 | 650000 |
| 5. | കന്നുകാലി നാശം | 10 | 134750 |
| | **ആകെ** | **135** | **1934750** |

**<u>അനുബന്ധം 3</u>**

| ക്രമ നമ്പർ | ഇനം | കുടിശ്ശികയായിട്ടുള്ള കേസുകൾ | തുക (രൂപ) |
|---|---|---|---|
| 1. | വന്യജീവി ആക്രമണം മൂലം മരണം സംഭവിച്ചത് | 0 | 0 |
| 2. | വന്യജീവി ആക്രമണം മൂലം പരിക്ക് പറ്റിയത് | 6 | 187638 |
| 3. | കൃഷിനാശം | 9 | 229797 |
| 4. | വസ്തുവകകൾ നശിപ്പിച്ചത് | 0 | 0 |
| 5. | കന്നുകാലി നാശം | 3 | 62000 |
| | **ആകെ** | **18** | **479435** |